## ഒരു പ്രളയത്തിന്റെ ഓർമ്മയ്ക്കായി ............



# സെന്റ് ജോസഫ്സ് സി ജി എച്ച് എസ്
# കരുവന്നൂർ

















# ഇതളുകൾ വിരിയുമ്പോൾ

ആദരവോടെ
സന്ദേശം
ആരായിരുന്നു എനിക്ക് താങ്ങ്?
പ്രളയം ഒരു അനുഭവ കഥ
അവളെന്നെത്തലോടി
ഒരു കൈത്താങ്ങ്
കടങ്കഥ
പ്രളയം
കലിയടങ്ങാത്ത പ്രളയം
പ്രളയം  എന്തുകൊണ്ട്?
ബാല്യം
ചെരുപ്പിനും ഒരു കഥയുണ്ട് പറയാൻ
അത്യാഗ്രഹം ആപത്ത്
ഒരു പ്രളയത്തിന്റെ ബാക്കിപത്രം
നേരം
കൃതജ്ഞതയോടെ

## എഡിറ്റോറിയൽ ബോർഡ്

അനുഗ്രഹ എം

ഐശ്വര്യ പി പി

അലീന വർഗീസ്

ആര്യ അശോകൻ

കൃഷ്ണനന്ദ

റിഹാന

## ആദരവോടെ .......

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് ഇന്നിന്റെ ഒരു പ്രത്യേകതയാണ്. വിവര വിനിമയ സാങ്കേതിക വിദ്യയിൽ വിദ്യാർത്ഥികളെ പ്രാവീണ്യമുള്ളവരാക്കാൻ വേണ്ടി നടത്തുന്ന പരിശീലന പരിപാടികളുടെ ഭാഗമായി പബ്ലിഷ് ചെയ്യുന്ന ഞങ്ങളുടെ വിദ്യാലയത്തിന്റെ ഡിജിറ്റൽ മാഗസിനാണ് *ഒരു പ്രളയത്തിന്റെ ഓർമ്മയ്ക്കായി ...* ഈ വിഷയം തന്നെ തിരഞ്ഞെടുക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത് പ്രളയദുരിത ബാധിതരായ നാട്ടുകാരും കൂട്ടുകാരുമാണ്. ഏകദേശം1200 ആളുകൾ ഞങ്ങളുടെ വിദ്യാലയത്തിൽ ദുരിതാശ്വാസ ക്യാമ്പിൽ ഉണ്ടായിരുന്നു. മാത്രമല്ല ഞങ്ങളുടെ കൂട്ടുകാരായ നാന്നൂറിലധികം കുട്ടികളുടെ വീടൊഴികെ മറ്റെല്ലാ വസ്തുക്കളും നഷ്ടപ്പെട്ടിട്ടുണ്ട്. വീട് നഷ്ടപ്പെട്ടവർ വേറെയുണ്ട്. അവർ നേരിട്ട ദുഃഖ ദുരിതങ്ങളും വേദനകളും കുറച്ചെങ്കിലും പങ്കുവെക്കാൻ ശ്രമിക്കുകയാണ് ഞങ്ങൾ ഈ മാഗസിനിലൂടെ. പ്രളയത്തെ അതിജീവിച്ച നവകേരള സൃഷ്ടി നടത്തിക്കൊണ്ടിരിക്കുന്ന ഏവർക്കും ഇത് ഒരു പ്രോത്സാഹനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.....

# സന്ദേശം



ഈ ഹൈ ടെക് യുഗത്തിൽ കുട്ടികളെ ഹൈ ടെക് ആക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന ഒന്നാണല്ലോ "ലിറ്റിൽ കൈറ്റ്സ് "എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഈ വിദ്യാലയത്തിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. അവർ പബ്ലിഷ് ചെയ്യുന്ന *ഒരു പ്രളയത്തിന്റെ ഓർമ്മയ്ക്കായി* എന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ പ്രോത്സാഹനങ്ങളും നേരുന്നു...ഈ പ്രവർത്തനം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് മാത്രമല്ല, ഈ വിദ്യാലയത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഐ.ടി. മേഖലയിൽ കൂടുതൽ പ്രാവീണ്യം നേടാൻ പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്

**സി.അമല**

# ആരായിരുന്നു എനിക്ക് താങ്ങ്.......?



**ഒരു മുത്തശ്ശിയുടെ ഒറ്റപ്പെടലിനെ കുറിച്ചാണ് ഈ കവിതയിൽ പരാമർശിക്കുന്നത്. വാർദ്ധക്യകാലത്ത് എന്നും മക്കൾ തന്നെ ആകണമെന്നില്ല നമുക്ക് താങ്ങ് എന്നുള്ള ഓർമ്മപ്പെടുത്തലാണ് ഈ കവിത.**

**ഒരു** ജല പ്രളയത്തിലെൻ മനം തകരവേ
ആരായിരുന്നു എനിക്ക് താങ്ങെന്നറിഞ്ഞുകൂടാ
ഞാൻ എന്റെ മക്കളെ എൻ അരികിൽ വിളിച്ചു
അവരെന്നെ കണ്ടതുപോലും നിനച്ചില്ല
വേറെയാരോ എനിക്ക് താങ്ങായി വന്നു
അവരാരായിരുന്നുവെന്നെനിക്കറിഞ്ഞു കൂടാ
അവർ താങ്ങിയെടുത്തെന്നെയെങ്ങോ കൊണ്ടുപോയി
അപ്പോഴെനിക്ക് മനസ്സിലായി
ആരായിരുന്നു എനിക്ക് താങ്ങെന്ന്
എൻ ദൈവമായിരുന്നു എനിക്ക് താങ്ങ്
അവൻ എനിക്കായി ഒരുക്കിയിരുന്ന
കവചമായിത്തീർന്നവരായിരുന്നു എന്റെ  താങ്ങ്

സാന്ദ്ര ജോസ്
ക്ലാസ്സ് : 9 എ





ഞങ്ങളുടെ വിദ്യാലയത്തിലെ
ദുരിതാശ്വാസ ക്യാമ്പ്





ഓണാഘോഷം.......


honor 8Pro




സ്കൂൾ ആരോഗ്യ പദ്ധതി



# പ്രളയം ഒരു അനുഭവ കഥ

വെള്ളം പൊങ്ങിതുടങ്ങിയ തലവടിയിൽ നിന്ന് തിരുവല്ല നഗരത്തിലെത്തിയ രണ്ടുകുട്ടികളുടെ കൈയും പിടിച്ച് രാജിഷ് ഒന്നും മനസ്സിലാവാതെ നിന്നു.രാജീഷിനൊപ്പം അവൻെറ ചേച്ചിയും അവരുടെ മകളും ചേട്ടൻെറ ഒമ്പത് വയസ്സുള്ള ഇരട്ടകുട്ടികളും മിട്ടു എന്ന നായയും ഉണ്ടയിരുന്നു. വാഹനങ്ങൾ മുന്നിലൂടെ പാഞ്ഞുപോകുന്നതൊന്നും രാജീഷ് കണ്ടില്ല. തിരു വൻ വണ്ടൂറിൽ താമസിക്കുന്ന ചെറിയമ്മയുടെ വീട്ടിലേക്ക് പോകാനായിരുന്നു രാജീഷിൻെറ പരിപാടി. പുല്ലാട് നിന്ന് തിരിച്ചുവന്ന കുട്ടൻെറ ഓട്ടോറിക്ഷയിൽ രാജീഷും കുട്ടികളും കയറി നേരെ തിരുവൻ വണ്ടൂറിലെ കളിക്കാട്ട് പടിയിലേക്ക് എത്തി. അവിടെ ചെറിയമ്മ താമസിക്കുന്ന വാടക വീട്ടിലേക്ക് 5:30 യോടെ എത്തിപ്പോൾ റോഡിൽ പാദം നനയാൻ പോലും വെള്ളമില്ല. ചെറിയ നനവുണ്ടെന്നു മാത്രം. മിട്ടു അടക്കമുള്ളവർ ഓടി വീട്ടലേക്ക് കയറി. വൈകുന്നേരം വരെ ഒന്നും കഴിച്ചിട്ടില്ലാത്ത മിനി ചേച്ചിക്കും മാളുവിനും ഭക്ഷണം ഒരുക്കാനായുള്ള തിരക്കിലായിരുന്നു ചെറിയമ്മ. വൈദ്യുതി നിലച്ചിട്ട് അപ്പോഴേക്കും 12 മണിക്കൂർ പിന്നിട്ടിരുന്നു, സന്ധ്യയായപ്പോൾ വെള്ളത്തിൻെറ വരവിനെക്കുറിച്ചുള്ള ആശങ്ക പങ്കുവച്ച് പലരും റോഡിലൂടെ പോകുന്നു. എന്താണ് സ്ഥിതി എന്ന് ചോദിച്ചപ്പോൾ "പമ്പവെരിക്കി നിൽക്കുന്നു വെള്ളം, ഇവിടെ ഒന്നും നിൽക്കുമെന്ന് തോന്നുന്നില്ല" എന്നാണ് അവർ പലരുടെയും മറുപടി.ഉള്ളിൽ കയറിയ ആധി പുറത്തു കാണിക്കാതെ ഇടയ്ക്കിടയ്ക്ക് പുറത്തിറങ്ങി വെള്ളം കയറിയോ എന്ന് നോക്കുകയായിരുന്നു രജീഷിന്റെ തുടർന്നുള്ള പരിപാടി. കാര്യങ്ങൾ ഒട്ടും ആശാവഹമല്ലെന്നു രാജിഷിനു പതുക്കെ മനസിലായിത്തുടങ്ങി.7.30 യോടെ റോഡിൽ നിന്ന് വീടിരിക്കുന്ന തട്ടിലേക്ക് വെള്ളം കയറിത്തുടങ്ങി. റോഡിൽ അപ്പോൾ മുട്ടിനു മുകളിലായി വെള്ളം.ഭാര്യയുടെയും അമ്മയുടെയും മൊബൈബൽ ബാറ്ററി ചാർജ് തീർന്നു ഓഫ് ആയിപ്പോയി. ആറമുള്ളയിലെ വീട്ടിൽ നിന്നുള്ള വിവരങ്ങൾ നിലച്ചു. രാത്രി 8.30 യോടെ എല്ലാവരും ഭക്ഷണം കഴിച്ചു. പറമ്പിൽ വെള്ളം കയറി. വീട്ടിനുള്ളിലേക്ക് കയറ്റിനിർത്തിയ മിട്ടു വളരെ ബഹളമായി.ആകെ വെപ്രാളം കാണിക്കുകയാണ് നായ. എല്ലാവരും വെറുതെ കിടന്നു . രജീഷ് ഇടക്കിടെ എണീറ്റ് നോക്കിയിരുന്നു. രാവിലെ ചെറിയമ്മ വാതിൽ തുറന്നു. അകത്തേക്ക് കുറച്ചു വെള്ളം കയറിത്തുടങ്ങി. കട്ടിളപ്പടി മുങ്ങിത്തുടങ്ങി. എല്ലാവരെയും വിളിച്ചുണർത്തി . മൊബൈലിൽ ചാർജ് ഇല്ല, കറന്റ് ഇല്ല, ആകെ ബ്ലോക്ക്. എവിടേക്കു പോകണമെന്നും നിശ്ചയമില്ല. അവർ വെള്ളത്തിലൂടെ നീന്തി കുറച്ചു ദൂരം ചെന്നപ്പോൾ ഒരു കെ.എസ്.ആർ.ടി. സി.ബസ് കിടക്കുന്നു. അവർ എല്ലാവരും അതിൽ കയറി പറവൂരിലേക്കു പോയി. അങ്ങനെ അവർ രക്ഷപ്പെട്ടു.

ചഞ്ചന സുനിൽ
ക്ലാസ് : 8 എ

# അവളെന്നെത്തലോടി

പ്രളയം...... അവളെന്നെ തലോടിയ
കരങ്ങളെന്നെ ശൂന്യതയിൽ താഴ്ത്തിയും
ജീവന്റെ തുടിപ്പിനായി കരങ്ങളുയർന്നു
ജീവനുവേണ്ടിതൻ ശബ്ദമുയർന്നു .......

അവളിൽ പല ജീവൻ ലയിച്ചു
പോയനേരം  പലതും കൊഴിഞ്ഞുപോയി
തൻ നിശ്വാസം മരവിച്ചു
പോയനിമിഷത്തിൽ .......

അവൾ എൻ നാട് ചുംബിച്ചു

ആ ചുംബനം കൊണ്ടെൻ നാടി
ന്നാധാരം മാഞ്ഞുപോയി .........

പ്രകൃതിയാമമ്മയിൽ നിന്നെവിടേയ്ക്കോ
അവളിന്നൊഴുകിപോയി
അവളിൽ തൻ കുഞ്ഞെൻ കുഞ്ഞെന്നില്ല
ഒന്നാണവൾക്ക നാം.......

ജാതിയില്ല മതമില്ല അവളിൽ
വർണ്ണ വ്യത്യാസവുമില്ല
ധനവാനോ ദരിദ്രനോ
ആരും അവൾക്ക മുന്നിലില്ല .......

വിശപ്പൊന്നകറ്റാൻ ഉടുക്കാൻ
കഴിയാതെ തൻ കൂരയെ
അവൾക്കായി നൽകി നാമ
വളിൽ നിന്നോടി മറഞ്ഞുപോയി .........

ശാന്തമാമെൻ നാട്
ഭയാനകമാം ഗർത്തങ്ങ
ളിലേക്ക താണുപോയി
താണുപോകും മുൻപെവിടെ നിന്നോ
കാര്യങ്ങൾ വന്നിതാ...........

രക്ഷകരായി വന്നതാ ദേശ സ്നേഹത്തിൻ
കരങ്ങളും സൈന്യമാം മക്കളും
കടലിൻ മക്കളും .....

ആ ഗർത്തങ്ങളെ പർവ്വത
മുനകളായി മാറ്റിയിതാ
സ്നേഹത്തിനുജ്ജ്വലമായി മാറ്റിയിതാ ......

അൽന ജാസ്
ക്ലാസ്സ് : 10 എ















Save
Nature
JUNE-5
WORLD
ENVIRONMENT DAY


നവകേരളം

# ഒരു കൈത്താങ്ങ്

ഒരു പ്രഭാതം.സമാധാനത്തിൻെറയും ശാന്തതയുടെയും പ്രഭാതം. തുളസിച്ചെടിയുടെ കവിളിൽ കുളിർമ പകർന്നുകൊണ്ട് നനുത്ത മുത്തങ്ങളിടുകയാണ് വർഷം.ഗ്രീഷ്മത്തിലെ കൊടുംചൂടിൽ നിന്നും അവധി ലഭിച്ചതിൻെറ സന്തോഷത്തിലായിരുന്നു ആ ഗ്രാമം. അവരുടെ സന്തോഷത്തിൻ മേൽ തീരാ ദുഃഖം വന്നു പതിക്കുകയാണെന്ന് അവർ അറിഞ്ഞില്ല. ഒരു ഓണപ്പുലരി ദിവസം.അത്തപ്പൂക്കളമിടുവാനായി ബാലികാബാലകന്മാർ അരുണനുദിക്കുന്നതിനു മുൻപ് സ്വസ്ഥാനമുറപ്പിച്ചു.

അൽപ് സമയത്തിനുള്ളിലുണ്ടായ ആകസ്മികവും ഭയാനകവുമായ കാറ്റും മഴയും അവരുടെ മനസ്സിൽ ഭീതിയുളവാക്കി.രണ്ടു ദിവസം പോലും അവർക്ക് ആ ഗ്രാമത്തിൽ തികച്ചുക്കഴിയാൻ സാധിച്ചില്ല.ദാരിദ്ര്യവും കൊടുംവേനലും കൊണ്ട് വെന്തുരുകിയ അവർക്ക് മഴ ഒരു ഇളം സാന്ത്വനമായിരുന്നു-ഇന്നലെ വരെ.എന്നാൽ, ഇന്ന് പകുതിയോളം വീടുകൾ മഴവെള്ളത്തിൽ മുങ്ങി.പലരുടേയും വീട്ടുസാമഗ്രികൾ നശിച്ചു.ആദ്യമാദ്യം ആരും തങ്ങളുടെ സമ്പാദ്യങ്ങൾ ഉപേക്ഷിച്ച് പോകുവാൻ തയ്യാറായിരുന്നില്ല.എന്നാൽ ജലനിരപ്പ് ഉയർന്നതോടെ എല്ലാവരും ആ ഗ്രാമം വിട്ടുവാൻ തയ്യാറായി.

ആ കൂട്ടത്തിലെ ഏറ്റവും ദരിദ്രകുടുംബമായിരുന്നു ഉണ്ണിയുടേത്.അഞ്ചാം ക്ലാസ്സുക്കാരനാണ് ഉണ്ണി.പഠനത്തിൽ മിടുക്കൻ.അവന് അനുജനും അമ്മയും മാത്രമേയുള്ളു.ചെറുപ്പത്തിൽത്തന്നെ അവൻെറ അച്ഛൻ സ്വർഗം പൂണ്ടു.ഉണ്ണിക്ക് ആ ഗ്രാമം വിട്ടു പോകുവാൻ താല്പര്യമില്ലായിരുന്നു.അമ്മയുടെ നിർബന്ധത്താലാണ് അവൻ ക്യാമ്പിലേക്ക് മാറുവാൻ സമ്മതിച്ചത്. അവൻ തൻെറ കുടുംബത്തോടൊപ്പം ചങ്ങാടത്തിനു നേരെ തിരിച്ചു.

പതിയെ പതിയെ നടന്നകലുന്ന അവൻെറ കാലൊച്ചകൾ നിശ്ചലമായി.അവനെതിരെ പാഞ്ഞുവരുന്ന നിർമ്മലമായ ശബ്ദത്തിന് അവൻ കാതോർത്തു.അവൻെറ തിളങ്ങുന്ന കണ്ണുകൾ ആ ശബ്ദത്തെ തേടിയലയുകയാണ്. പെട്ടെന്നാണ് അവൻെറ ശ്രദ്ധയിൽ അതു പെട്ടത്. സമുദ്രത്തിനു നേരെ ഒഴുകികൊണ്ടിരിക്കുന്ന ഒരു തടികഷ്ണവും അതിൽ കണ്ണിമകൾ ഉറക്കാത്ത മൂന്നു പൂച്ചകുഞ്ഞുങ്ങളും. അവയുടെ അതിദയനീയമായ രോദനം മുന്നോട്ടുള്ള അവൻെറ യാത്രയെ നിശ്ചലമാക്കി.

തൻെറ ഉള്ളിൽ ഏതോ ദൈവീകശക്തി പുറപ്പെടുവിക്കുന്നതായി അവന് തോന്നി. തൻെറ ജീവന് പോലും വില നൽകാതെ അവൻ ആ ഇളം പൊന്നോമനകൾക്കു നേരെ തിരിഞ്ഞു. അവനു പ്രതികൂലമായി അനേകമാളുകൾ

അവിടെയെത്തി. അവനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു.എന്നാൽ അവൻ തൻെറ തീരുമാനത്തിൽ നിന്ന് ശകലം പോലും മാറിയില്ല.

അവൻ മരത്തടികൾകൊണ്ടൊരു ചങ്ങാടമുണ്ടാക്കി.ആ ചങ്ങാടത്തിൽ അവൻ പൂച്ചകുഞ്ഞുങ്ങൾക്കു നേരെ തിരിച്ചു.ശക്തമായ കാറ്റിലും മഴയിലും അവൻ തുഴഞ്ഞു. പ്രകൃതിയുടെ പരീക്ഷണത്താൽ അവൻെറ കൈകാലുകളിൽ നിന്നും ചോരപൊടിഞ്ഞു.ഒടുവിൽ അവൻ തൻെറ ലക്ഷ്യത്തിലെത്തി...ആഹ!! പ്രകൃതിയെന്ന അമ്മ അവനെ പിന്നെയും പരീക്ഷിക്കുകയായിരുന്നു.ഒരു വലിയ കാറ്റ് അവനു നേരെ വീശയടിച്ചു. അവൻെറ ചങ്ങാടം വെള്ളത്തിൻെറ അടിത്തട്ടിലേക്കു മറിഞ്ഞു.നീന്താൻ പോലും കഴിയാതെ അവൻ കൈകാലുകളിട്ടടിച്ചു. ഒടുവിൽ ഒരു വിധം ആ തടിയിന്മേൽ അവനു പിടിത്തം കിട്ടി. അതെ, അവൻ ആ പൂച്ചക്കുഞ്ഞുങ്ങളെ മരണമെന്ന രാക്ഷസ സർപ്പം വിഴുങ്ങുന്നതിൽ നിന്നും രക്ഷിച്ചു. ജനങ്ങൾ അവനെയും പൂച്ചക്കുഞ്ഞുങ്ങളെയും രക്ഷിക്കാനായി ചങ്ങാടവും കയറും ഉപയോഗിച്ചു. എന്നാൽ, അതെല്ലാം കാറ്റിന് സ്വന്തമായി.

ഒടുവിൽ നീണ്ട പരീക്ഷണത്തിന് ശേഷം അവരെ ഹെലികോപ്റ്ററിന്റെ സഹായത്താൽ കര കയറ്റി. ആ കൊച്ചുകുട്ടിയുടെ മനസ്സ് ആ മൂന്ന് പൂച്ചകുഞ്ഞുങ്ങളുടെ ജീവൻ രക്ഷിച്ചു.

മേഘ വർഷ കെ എസ്
ക്ലാസ് : 8 സി

# കടങ്കഥ

1.മുറ്റത്തെ ചെപ്പിന് അടപ്പില്ല.

-കിണർ

2.അകത്തുനിന്ന് നോക്കികാണും
കണ്ടതെല്ലാം ഉള്ളിലാക്കും

-ക്യാമറ

3.അക്കരെ നിൽക്കും തുഞ്ചാണി
ഇക്കരെ നിൽക്കും തുഞ്ചാണി
കടലിൽ ചാടും തുഞ്ചാണി

കുന്നിൻ മുകളിൽ കയറും തുഞ്ചാണി

-സൂര്യൻ

4.സുന്ദരകൊട്ടാരത്തിൽ ആയിരം

കവാടങ്ങൾ അതിനകത്തൊരു

വെള്ളികോൽ

-വാഴപ്പിണ്ടി

5.ചത്തുകിടക്കും പാമ്പ്

വടിയെടുത്താൽ ഓടും

-വഞ്ചി

## പ്രളയം

വിതുമ്പുന്ന മേഘങ്ങൾ,
തകരുന്ന നഗരങ്ങൾ.
കരയുന്ന കേരളമേ,
പ്രളയം നമുക്കൊരോർമ്മ.

മനുഷ്യ പ്രവർത്തിയാല്
നിന്നുടെ രോദനം
ഇന്നുമെൻ കാതിൽ
മുഴങ്ങിടുന്നു.

പുഴകളുംകരകളും
കവിഞ്ഞൊഴുകി.
പാടവും വയലും
നിറഞ്ഞൊഴുകി.

ഇപ്പോളെൻ വീടിൻ
പടിവരെയെത്തി
ഞൊടിയിലീ മുറ്റത്തു-
മോടിയെത്തും.

വിദ്യാലയങ്ങൾ ക്യാമ്പുകളായത്
നാമറിഞ്ഞൊരു നല്ല കാര്യമല്ലെ?
ആശ്വാസമായി രക്ഷാപ്രവർത്തകർ,
എത്തിയതും നല്ല കാര്യമല്ലെ?

പുസ്തകങ്ങൾ പോയി
ബാഗുകളും പോയി
വീടും പോയി
എല്ലാം നശിച്ചു പോയി

ജാതിമതഭേദമില്ലാതെ
കഴിഞ്ഞൊരു
അഞ്ചാറുദിവസങ്ങൾ
ഓർമ്മയായി................

നാടാകെ കൈ കോർത്ത
ആ ഒരു സംഗമം
ഇപ്പോഴും ഞാന
തോർത്തിരിക്കും

പ്രളയ ദുരന്തത്തിൽ നിന്നു
കരകേറി വരികയാണ്
നമ്മുടെ നാടും വീടും
നാട്ടുകാരും.

അതിജീവനത്തിന്റെ
പാതയിൽനിന്നു
കൊണ്ട് പ്രളയം
നമുക്കൊരോർമ്മയായി

ആദിത്യ പി ഷാജി

ക്ലാസ് : 8 സി

# കലിയടങ്ങാത്ത
# പ്രളയം

ഈ കൊട്ടം ചൂടത്ത് കേരളമൊട്ടാകെ
മൂടുന്ന കലിയടങ്ങാത്ത ഈ പ്രളയം
പാടങ്ങൾ ,തോട്ടുകൾ , പുഴകൾ
അരുവികളും ഒട്ടാകെ മൂടുന്ന പ്രളയം

പുഞ്ചിരിത്തുകിപൊഴിച്ച ഈ വെള്ളം
മലവെള്ളപാച്ചിൽ പോൽ വന്ന
ദുഃഖമകറ്റാതെ വീണ്ടും ഈ
കലിയടങ്ങാത്ത ഈ മഴയും

എന്തു ചെയ്യും ഇനി എന്തു ചെയ്യും
ആരുണ്ട് ഞങ്ങളുടെ തുണക്ക്
ജീവൻ മരണ പോരാട്ടമായി
ദുഃഖിച്ചു നിൽക്കുന്ന ഞങ്ങൾ

ആര്യ കൃഷ്ണ
ക്ലാസ് :9 ബി

# പ്രളയം എന്തുകൊണ്ട് ?

ആവി പറക്കുന്ന ആ ചായ അയാൾ ഊതി കുടിച്ചു.എടോ,പറമ്പിലെ എല്ലാ മരങ്ങളും ഇന്നുതന്നെ മുറിക്കണം.കുറച്ച് മുതലാളിമാർ നമ്മളോട് പറമ്പ് വിൽക്കാൻ ചോദിച്ചു.ഹോട്ടൽ കെട്ടാനാണ്.അവർക്ക് ഭൂമി പെട്ടെന്ന് വേണം. ഞാൻ ഇന്നുതന്നെ കാര്യങ്ങൾ ശരിയാക്കാം. അഡ്വാൻസായി ഇതാ കുറച്ച് പണം. പോരേടോ,കൃഷ്ണാ?

ആ മുതലാളി. ഇന്നുതന്നെ കാര്യങ്ങൾ നീക്കാം.അയാൾ ഇതുപറഞ്ഞ് ചിരിച്ച് പുറത്തേക്കിറങ്ങി.നേരിയ മഴ പെയ്യുന്നുണ്ടായിരുന്നു. ഒരു കാലൻകുടയുമായി അയാൾ ഇടവഴിയിലൂടെ നടന്നു.തണുത്തകാറ്റ്.എങ്ങും ഏതോ ഒരു കാന്തിയുടെ ഗന്ധം പരക്കുന്നുണ്ട്. പച്ച വിരിച്ച പാടങ്ങൾ, തോടുകൾ കണ്ടങ്ങനെ അയാൾ നടന്നു. അക്കരയെത്താൻ വഞ്ചിയിൽ പോകണം. വഞ്ചിയിൽ കയറി. കായൽക്കാറ്റ് വീശി. ഇങ്ങനെ മാരുതന്റെ ഗന്ധം! ഓ, അയാൾ കാഴ്ചകൾ കണ്ടങ്ങനെ ഇരുന്നു. ട്രീം....ട്രീം. പെട്ടെന്ന് മൊബൈൽ അടിച്ചത്. ഫോൺ എടുത്തു നോക്കിയപ്പോൾ പണിക്കാരൻ രാമൻ കുട്ടിയാണ്.ആ, കൃഷ്ണേട്ടാ നിങ്ങളെവിടെയാണ്? മരം മുറിക്കണ്ടെ. പണിക്കാരെല്ലാം നിങ്ങളെ തന്നെ കാത്തിരിക്കുകയാണ്.ആ, ശരി ഞാൻ ഇപ്പം എത്താം.അയാൾ ഫോൺ കട്ട് ചെയ്തു. വഞ്ചിയിറങ്ങി ഒരു നാഴിക നടക്കണം.വഴിയോരക്കാഴ്ചകൾ കണ്ടങ്ങനെ നടക്കുമ്പോൾ അതാ കുമാരേട്ടൻ.

ആ കൃഷ്ണാ, മോൾടെ കല്യാണം എന്നാ? അവളിപ്പേ കൃഷി ആഫീസിലേല്ലേ ജോലി. കല്യാണം നിശ്ചയിച്ച എന്നു കേട്ടു.ആ അടുത്ത മാസം ഇരുപതിനാണ്. അല്ലാ ഇതെങ്ങോട്ടാ?നമ്മുടെ ദിവാകരൻ മുതലാളി ഇവിടെ മരം മറിക്കാൻ ഏൽപിച്ചിരിക്കുന്നു.

ഓ...എടാ, കൃഷ്ണാ ഞാൻ ഒരു സാമൂഹ്യ പ്രവർത്തകനാണ്.എല്ലാ സാമൂഹ്യവിഷയത്തിലും ഇടപ്പെടാറുണ്ട്.ദിവാകരന്റെ പറമ്പ് സർവ്വ സമൃതമായി നിൽക്കുന്ന വൃക്ഷങ്ങൾ നിറഞ്ഞതാണ്. എന്തു ഭംഗിയാണ് കാണാൻ. ആ മരങ്ങൾ വെട്ടാൻ എങ്ങനെ സാധിക്കും.

കുമാരേട്ടാ, നിങ്ങൾ ഈ പ്രശ്നത്തിൽ ഇടപ്പെടണ്ടാ. മുതലാളിയുടെ സ്വഭാവം

അറിഞ്ഞുകൂടെ? എടഞ്ഞാൽ പുലിയാണ്.

എനിക്കൊരു പുലിയേയും ഭയമില്ല.എന്നാൽ ഈ ഒരു പ്രവണതയിൽ നഷ്ടപ്പെടുന്നത് ഓരോ ജീവനാണ്.ഇതുകൊണ്ടു സംഭവിക്കുന്ന പ്രശ്നങ്ങളുടെ ആഴം വളരെ വലുതാണ്. ഒരു മരം മുറിച്ചാൽ ആയിരം മരം നടണം. ഇന്നത്തെ തലമുറയുടെ പ്രകൃതി ചൂഷണം.... ഹോ! ഓർക്കാനേ വയ്യ.... പ്രകൃതി നമ്മുടെ അമ്മയാണ്.... ആ അമ്മയുടെ മക്കളാണ് നാമെല്ലാവരും .....

എന്റെ കുമാരേട്ടാ, നിങ്ങളുടെ പ്രസംഗം നിർത്തു. എനിക്കൊന്നും കേൾക്കണ്ട. എന്റെ ദൗത്യം ഞാൻ നിർവഹിക്കട്ടെ. നിങ്ങൾ മാറിനിൽക്കൂ .

അയാൾ നടന്നു തോട്ടത്തിലെത്തി പ്രാർത്ഥിച്ചു പണി ആരംഭിക്കാൻ മുതിർന്നു. ശക്തമായ ഒരു കൊടുങ്കാറ്റ് അവിടെ പാഞ്ഞെത്തി. പ്രകൃതി ക്ഷോഭിക്കുകയാണ്. എല്ലാവരും മുഖത്തോടു മുഖം നോക്കി നിന്നു. എല്ലാവരും ഭയന്ന് വിറച്ചു. അത്ര ശക്തമായിരുന്നു ആ കൊടുങ്കാറ്റ്. പെട്ടെന്ന് ഒരു അശരീരി മുഴങ്ങി : അല്ലയോ മനുഷ്യാ, ഞാൻ പ്രകൃതി, പ്രകൃതി മാതാവ്, നിങ്ങളുടെ ദുഷ്കൃതികൾ സഹിച്ചു ഞാൻ മടുത്തു. ഇനി വയ്യ .

ആര്യ അജയൻ
ക്ലാസ് :9 ബി

## ബാല്യം

*അമ്മ പറഞ്ഞതിനപ്പുറം*
*മറ്റൊന്നുമില്ലാതിരുന്നൊരു കാലം ,*
*മാവേലി നാടു വാണീടും കാലം പാടി*
*പൂ നുള്ളിയ പൊന്നോണക്കാലം*
*ദേവിതൻ കോവിലിൽ കുഞ്ഞുടുപ്പിട്ടു -.*
*ഞാനോരോ പടിയെണ്ണി കേറും നേരം ,*
*കുപ്പിക കുഞ്ഞികൈ എന്നാൽ*
*കരിവള കാപ്പാകുമെന്നമ്മ ചൊന്ന കാലം.*
*പുസ്തകസഞ്ചിയിൽ കൊച്ചു നെല്ലിക്കയും*
*പച്ചപുളിയുമൊളിച്ച കാലം ,*
*ആരോടുമില്ല വഴക്കന്നു*
*പുഞ്ചിരിച്ചാരോടും കൂടി*
*നടന്നകാലം .....*

# ചെരുപ്പിനും ഒരു കഥയുണ്ട് പറയാൻ

ഒരിക്കൽ ഒരിടത്ത് ഒരു ചെരുപ്പുണ്ടായിരുന്നു.എല്ലാവരും കാലിൻെറ സുരക്ഷക്കു വേണ്ടി ഉപയോഗിക്കുന്ന ആ ചെരുപ്പുകൊണ്ട് കുറച്ച് കോഴിക്കുട്ടികൾക്ക് പ്രയോജനമുണ്ടായി.നമ്മൾ എന്നും ഓർക്കാനും ഓർത്തുകൊണ്ടിരിക്കാനും ദൈവം നമുക്കൊരു പ്രളയം തന്നിരുന്നു.നാം എന്തെങ്കിലും വസ്തുവിനു വില കൽപ്പിച്ചിട്ടുണ്ടോ? ഒരു ചെരുപ്പ് ഭംഗി നോക്കി മേടിക്കും. എന്നിട്ട് കുറച്ച് ദിവസം കഴിഞ്ഞ് എവിടെയെങ്കിലും വലിച്ചെറിയും.നാം ഭൂമിയോടു ചെയ്യുന്ന ഒരു വഞ്ചനയാണ്. ഈ ഭൂലോകത്ത് ഭൂമിയെ വേദനിപ്പിക്കാത്ത ഒരേയൊരു കൂട്ടരേ ഉള്ളൂ;മൃഗങ്ങൾ. ഈ ഭൂമിയെ സ്നേഹിക്കാനും ഉപദ്രവിക്കാതിരിക്കാനുമുള്ള മനസ്സ് അവർക്കാണ്.ദൈവം എന്തു തന്നാലും അത് നന്ദിയോടെ സ്വീകരിക്കും.ഓണത്തിന് ഒരു ഓർമയായി എന്നും മനസ്സിൽ സൂക്ഷിക്കാനും ദു:ഖിക്കാനുമായി ഒരു പ്രളയം ഉണ്ടായിരുന്നില്ലേ?അത് ഭൂമിയോട് നാം ചെയ്ത ഉപദ്രവങ്ങൾ ഒരു പ്രളയത്തിലൂടെ ദൈവം നമുക്ക് നൽകി.ഒരു ചെരുപ്പ്. ഇന്ന് വഴിയരികിലൊരു വേസ്റ്റ്പൂഴയായി കിടക്കുന്ന വസ്തു. ഒരു പ്രളയമുണ്ടായപ്പോൾ ദൈവം ആ ചെരുപ്പുകൊണ്ട് കോഴിക്കുഞ്ഞുങ്ങളെ രക്ഷിച്ചു. ദൈവത്തെ സ്നേഹിച്ച കോഴിക്കുഞ്ഞുങ്ങളെ ദൈവം രക്ഷിച്ചതു ഒരു ചെരുപ്പുകൊണ്ടാണ്. മരണക്കെട്ടിയിലും ദൈവം അവരെ മറന്നില്ല.ദൈവത്തെ വിഷമിപ്പിച്ച മനുഷ്യന് ദൈവം നൽകിയത് മരണമാണ്.വെള്ളത്തിൽ ഒലിച്ചുനടന്ന ആ കുഞ്ഞുങ്ങൾക്ക് തണലായി ഒരു ചെരുപ്പ് ദൈവം നൽകി.

[നാം എന്തെങ്കിലും ഒരു നന്മ ചെയ്താൽ ദൈവത്തിൻെറ പുസ്തകത്താളുകളിൽ അതൊരു നന്മ കുറിപ്പുകളായിക്കിടക്കും .ഒരു ആപത്തു വന്നാൽ ആ നന്മകൾ നൽകി ദൈവം നമ്മെ രക്ഷിക്കും.]

കൃഷ്ണവേണി
ക്ലാസ് :6 സി

# *അത്യാഗ്രഹം ആപത്ത്*

*പണ്ട് ഒരു മനുഷ്യനും അയാളുടെ ഭാര്യക്കും ഒരു അത്ഭുതകരമായ താറാവുണ്ടായിരുന്നു .എല്ലാദിവസവും ഒരു പൊൻമുട്ട ഇടുമായിരുന്നു.ഈ പൊൻമുട്ട ആ ദമ്പതികളെ സമ്പന്നരാക്കിയിരുന്നു.അങ്ങനെ ഒരു ദിവസം അയാളുടെ ഭാര്യ*

*പറഞ്ഞു:"നമുക്ക് എല്ലാ പൊൻമുട്ടയും കിട്ടുമ്പോഴേക്കും കാലം ഒരുപാടാകും.അതിനാൽ നമുക്ക് ഈ താറാവിന്റെ വയറുകീറി എല്ലാ പൊൻമുട്ടയും ഒരുമിച്ചെടുക്കാം.അപ്പോൾ നമ്മൾ അതിസമ്പന്നരാകും".നീ പറഞ്ഞത് ശരിയാണ്.അപ്പോൾ നമുക്ക് എല്ലാ ദിവസവും കാത്തുനിൽക്കേണ്ടിവരില്ല. രണ്ടുപേരും കൂടി ആ താറാവിന്റെ വയറ് കീറിമുറിച്ചു.പക്ഷേ അതിൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.ഒരു പൊൻമുട്ടപോലും അവർക്ക് കിട്ടിയില്ല.ഇതിൽ നിന്ന് ആ അത്യാഗ്രഹികളായ ദമ്പതികൾക്ക് ഒരു പാഠം മനസ്സിലായി.*

*"അത്യാഗ്രഹം ആപത്ത് "*

## ഒരു പ്രളയത്തിൻെറ ബാക്കിപത്രം

പ്രളയം പ്രളയം മഹാപ്രളയം
പുഴ കവിഞ്ഞു ചിറ കവിഞ്ഞു
ബണ്ടുപ്പൊട്ടി വീട്ടിൽ വെള്ളം കയറി
വീടു തകർന്നു നാടു തകർന്നു
ലോകം തകർന്ന അവസ്ഥയായി
വീട്ടിൽ വെള്ളം എത്തിയപ്പോൾ
ഉള്ളതെല്ലാം കൊണ്ടുപ്പോയി
ഇനി എന്തെന്ന ചോദ്യം മാത്രം ബാക്കി
എന്നാലും പുഴയെ ഒരു സംശയം
നീ ഞങ്ങളെ തേടി വന്നതോ
അതോ നിന്നെ കാണാൻ
വരാത്ത സങ്കടം തീർത്തതോ
അതുമല്ലെങ്കിൽ നിൻ ജന്മ-
ഭൂമി കാണാൻ വന്നതോ
എന്തായാലും ആ പുലർകാല-
ത്തിലെ ഭയാനകതയിൽ
ഞാൻ തണുത്തു വിറങ്ങലിച്ച നേരം
ആരോ നീട്ടിയ രക്ഷാ കൈകൾ
അന്നു ദൈവമായ് വന്നവതരിച്ച
അയൽക്കാരനോ
ഒന്നുമില്ലാതെ ഒരയൽ വീട്ടിൽ

അഭയം പ്രാപിച്ച നേരം
അവരുടെ ഔദാര്യത്തിൻ
മഹിമയോ സ്നേഹമോ
സ്നേഹവാത്സല്യമോ..........
പ്രളയം കഴിഞ്ഞു
മഹാ പ്രളയം ഒഴിഞ്ഞു
ഇനിയല്ലോ മഹാവ്യാധികൾ
തിരികെ ചെല്ലുമ്പോൾ
വീടോ വീടിരിക്കുന്ന
സ്ഥലമോ വൃത്തിഹീനം
പക്ഷെ അപ്പോഴും ഒരു
സംശയം ബാക്കി
നീ എന്തിനു വന്നു എവിടെപ്പോയി
കടലിൽ പോയി ചേർന്നോ
ഒരു പിടി ദുഃഖങ്ങൾ
ബാക്കിയാക്കി...
ഇനി മനുഷ്യാഹങ്കാരത്തിൻ
മുനയൊടിക്കുവാൻ വിരുന്നു വന്നതോ
**എങ്കിലും പ്രകൃതിയെ**
**പ്രപഞ്ച സത്യത്തെ**
**ഞാൻ നമിക്കുന്നു.**

ശ്രീലക്ഷ്മി ടി ആർ
ക്ലാസ് : 9 സി

# നേരം

*നേരമില്ലുണ്ണിക്ക് നേരമില്ല*
*നേരമ്പു കോളുവാൻ നേരമില്ല*
*മുറ്റത്തെ മാവിന്റെ തോളേലൊന്നേറുവാൻ*
*മാറിലൊന്നാട്ടുവാൻനേരമില്ല*
*തുമ്പിയെ കൊണ്ടൊരു കല്ലെടുപ്പിക്കുവാൻ*
*തുമ്പ പൂവൊന്നുപറിച്ചിടുവാൻ*
*നാലുകാൽ നാട്ടിയൊരു ഓലപ്പുരകെട്ടി*
*കഞ്ഞി വെച്ചീടുവാൻ നേരമില്ല*

നെല്ലിമരത്തിലേക്ക് ആഞ്ഞൊന്നെറിയുവാൻ
കല്ലെടുത്താൽ അമ്മ കണ്ണുരുട്ടും
ഊഞ്ഞാലു കെട്ടുവാൻ തുടങ്ങിയാൽ അമ്മയെൻ
തുടയിലടിക്കുവാൻ ഓടിയെത്തും
ഒരു തുള്ളി പെരുമഴയെങ്ങാനും കൊള്ളുകിൽ
ഒരുപാടു ചീത്ത പറയുമച്ഛൻ
അപ്പൂപ്പൻതാടിയോടൊപ്പം കളിക്കുവാൻ
അപ്പൂപ്പൻപോലും വഴക്കിടുന്നു.












GOD BlESS you

# കൃതജ്ഞതയോടെ.....

ഈ ഒരു ഡിജിറ്റൽ മാഗസിൻ

തയ്യാറാക്കാൻ

പ്രേരണയും പ്രോത്സാഹനവും

നൽകിയ

ഞങ്ങളുടെ പ്രിയപ്പെട്ട ഹെഡ്മിസ്ട്രസ്

സി.അമലയ്ക്കും

കൈറ്റ് മിസ്ട്രസുമാരായ

സി.ജോവിയറ്റിനും

സി.നോബിൾ ജീസിനും

ഞങ്ങളുടെ

ഹൃദയം നിറഞ്ഞ

*നന്ദി .....*











